പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3336 12.12.2014-ലെ മറുപടിക്ക്

## പാലിന്റെ ഗുണനിലവാരം

ചോദ്യം

ശ്രീ.പി.കെ.ബഷീർ :

(എ) സംസ്ഥാനത്ത് വിതരണം ചെയ്യപ്പെടുന്ന പാൽ, പാലുല്പന്നങ്ങൾ ഇവയുടെ ഗുണനിലവാരം പരിശോധിക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത് വ്യക്തമാക്കുമോ ;

ഉത്തരം

ശ്രീ. കെ.സി. ജോസഫ്.
(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് വിതരണം ചെയ്യപ്പെടുന്ന പാലിന്റെയും പാലുൽപ്പന്നങ്ങളുടെയും ഗുണനിലവാരം പരിശോധിക്കുവാൻ ക്ഷീരവികസന വകുപ്പിന്റെ കീഴിൽ തിരുവനന്തപുരത്ത് സ്റ്റേറ്റ് ഡയറി ലാബ്, പാലക്കാട് ആലത്തൂർ ഡയറി ലാബ്, കൂടാതെ ജില്ലാ തലത്തിൽ ക്വാളിറ്റി കൺട്രോൾ ലാബുകളും നിലവിലുണ്ട്. ഫുഡ് സേഫ്റ്റി സ്റ്റാൻഡേർഡ്സ് ആക്ട് 2006, 2010 ആഗസ്റ്റ് 5 മുതൽ സംസ്ഥാനത്ത് നിലവിൽ വന്നതോടു കൂടി പാലിന്റെയും പാലുൽപ്പന്നങ്ങളുടെയും ഗുണനിലവാരം സംബന്ധിച്ച് നടപടികൾ സ്വീകരിക്കുന്നതിനുള്ള അധികാരം ഫുഡ് സേഫ്റ്റി കമ്മീഷണറിൽ നിക്ഷിപ്തമായിട്ടുണ്ട്. ആയതിനാൽ ക്ഷീരവികസന വകുപ്പിന് കീഴിലുള്ള ഉദ്യോഗസ്ഥന്മാർ ലഭ്യമാക്കുന്ന പരിശോധനാ റിപ്പോർട്ട് തുടർനടപടികൾക്കായി ഫുഡ് സേഫ്റ്റി കമ്മീഷണർക്ക് നൽകാറുണ്ട്.

ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പാലിന്റെയും, പാലുൽപ്പന്നങ്ങളുടെയും ഗുണനിലവാരം പരിശോധിക്കാൻ അനലറ്റിക്കൽ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ പാലിന്റെ ഉപഭോഗം കൂടുന്ന കാലയളവുകളിൽ വർദ്ധിച്ച അളവിൽ അന്യ സംസ്ഥാനത്ത് നിന്ന് പാൽ എത്തുന്നതിനാൽ എല്ലാ ചെക്ക് പോസ്റ്റുകളിലും ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥരെ പ്രത്യേകമായി നിയോഗിച്ച് സംസ്ഥാനത്ത് എത്തിച്ചേരുന്ന പാലിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നു.

കൂടാതെ മിൽമയിൽ നിന്നും വിതരണം ചെയ്യപ്പെടുന്ന പാലിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള സംവിധാനം മിൽമയുടെ എല്ലാ ഡയറികളിലും സജ്ജീകരിച്ചിട്ടുണ്ട്.

(ബി) കേരളത്തിൽ വിൽക്കപ്പെടുന്ന പ്രസ്തുത ഉല്പന്നങ്ങളിൽ ഏതെല്ലാം കമ്പനികളുടേതാണ് ഗുണനിലവാരപരിശോധനകളിൽ മോശമാണെന്ന് കണ്ടെത്തിയിട്ടുള്ളത്; കമ്പനികളുടെ പേര് അടക്കം വിശദാംശം ലഭ്യമാക്കുമോ ;

(ബി) തമിഴ്നാട്ടിൽ നിന്നും കൊണ്ടുവരുന്ന ഹെറിറ്റേജ് പത്മനാഭ, ജേഷ്ഠ, മെയ്യ എന്നീ പേരുകളിൽ വില്പന നടത്തിയിരുന്ന പാൽ ബ്രാന്റുകൾ 2013 വർഷത്തെ പരിശോധനയിൽ നിശ്ചിത ഗുണനിലവാരം പുലർത്തിയിട്ടില്ല എന്ന് കണ്ടെത്തിയിട്ടുണ്ട്.

(സി) സംസ്ഥാനത്ത് വിൽക്കപ്പെടുന്ന അന്യസംസ്ഥാന പാലും, പാലുല്പന്നങ്ങളും ഗുണനിലവാരമില്ലാത്തതാണെന്നും വിഷാംശം, കീടനാശിനി, മറ്റ് മായങ്ങൾ എന്നിവ അടങ്ങിയതാണെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) തമിഴ്നാട്ടിൽ നിന്നും കൊണ്ടുവരുന്ന ഹെറിറ്റേജ് പത്മനാഭ, ജേഷ്ഠ, മെയ്യ എന്നീ പേരുകളിൽ വില്പന നടത്തിയിരുന്ന പാൽ ബ്രാന്റുകളിൽ 2013 വർഷത്തെ പരിശോധനയിൽ ഫോർമാലിന്റെ അംശം കണ്ടെത്തിയിട്ടുണ്ട്. മറ്റു വിശാംശങ്ങളോ കീടനാശിനികളോ കണ്ടെത്തിയിട്ടില്ല.

(ഡി) എങ്കിൽ ഇത്തരം ഉല്പന്നങ്ങളുടെ വില്പന നടത്തുന്ന ഏജൻസികൾക്ക് ലൈസൻസിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

(ഡി) പാലും പാലുൽപ്പന്നങ്ങളും കൊണ്ടുവരുന്നതിന് ഏജൻസികൾക്ക് ഭക്ഷ്യസുരക്ഷാ ഗുണനിലവാരം നിയമമനുസരിച്ച് ലൈസൻസോ/രജിസ്ട്രേഷനോ നിർബന്ധമാണ്.

സെക്ഷൻ ഓഫീസർ